ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനായി ഒരു ബില്ല് നിയമസഭയിൽ 2001 ഡിസംബറിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇത് സഭ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടിരിക്കുകയാണ്. പ്രസ്തുത കമ്മിറ്റി കാസർഗോഡ്, കോഴിക്കോട് എന്നീ രണ്ട് ജില്ലകളിൽ യോഗം ചേർന്ന് തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. മറ്റു ജില്ലകളിലെ തെളിവെടുപ്പ് പൂർത്തിയായിട്ടില്ല.

(ബി) & (സി) സെലക്ട് കമ്മിറ്റി വിവിധ ജില്ലകളിൽ തെളിവെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. കാസർഗോഡ്, കോഴിക്കോട് ജില്ലകളിൽ തെളിവെടുപ്പ് കഴിഞ്ഞു. കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ ഇനിയും തെളിവെടുപ്പ് നടത്താനുണ്ട്. തെളിവെടുപ്പ് പൂർത്തിയായി, സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞാൽ മാത്രമേ ബിൽ പരിഗണിക്കാൻ കഴിയുകയുള്ളൂ.

ചേരമാൻ ജുമാമസ്ജിദിനെ ടൂറിസം പദ്ധതികളിൽ ഉൾപ്പെടുത്താൻ നടപടി

88 [2838] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിലെ ചേരമാൻ ജുമാമസ്ജിദ് ഇന്ത്യയിലെ ആദ്യമുസ്ലീം ദേവാലയമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തീർത്ഥാടന ടൂറിസം കേന്ദ്രമെന്ന നിലയിൽ ഈ മതസ്ഥാപനത്തിനുവേണ്ടി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) ഈ തീർത്ഥാടന കേന്ദ്രത്തെ കേന്ദ്ര സർക്കാരിന്റെ ടൂറിസം പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ചേരമാൻ ജുമാമസ്ജിദിനുവേണ്ടി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) - (ഡി) കൊടുങ്ങല്ലൂരിലെ ചേരമാൻ ജുമാമസ്ജിദിന്റെ പ്രാധാന്യം കണക്കിലെടുത്ത് അവിടത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രസഹായത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും ഈ പദ്ധതിക്ക് കേന്ദ്രാനുമതി ഇതേവരെ ലഭിച്ചിട്ടില്ല. എന്നാൽ, കേരളത്തിലെ പ്രധാന തീർത്ഥാടനകേന്ദ്രങ്ങളിലെല്ലാം സന്ദർശകർക്കായി അടിസ്ഥാന സൗകര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വികസിപ്പിക്കാനും, വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കാനും ലക്ഷ്യമിടുന്ന ഒരു പദ്ധതിക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ചേരമാൻ ജുമാമസ്ജിദിലെത്തുന്ന സന്ദർശകർക്ക് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഒരു വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ മതിപ്പു ചെലവ് ഏകദേശം 50 ലക്ഷം രൂപയാണ്. ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൃഷിക്കാർക്ക് ധനസഹായം

89 [2841] *ശ്രീ. കെ. പി. മോഹനൻ:*
„ സി. കെ. നാണു:
„ എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
„ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷംമൂലം ഉണ്ടായ കൃഷിനാശം സംബന്ധിച്ച് ജില്ലകളിൽനിന്നും റിപ്പോർട്ട് ലഭിക്കുകയുണ്ടായോ; എങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കൃഷിനാശം സംബന്ധിച്ച് കേന്ദ്ര സർക്കാരിന് എന്തെങ്കിലും റിപ്പോർട്ട് അയച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) കൃഷിനാശം സംഭവിച്ച കൃഷിക്കാരെ സഹായിക്കാൻ എന്തെങ്കിലും ധന സഹായം ഇതിനകം ജില്ലകൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയ്ക്കും എത്ര രൂപ വീതം ധനസഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. 2005-2006-ലെ തെക്ക് പടിഞ്ഞാറൻ മൺസൂൺമൂലം ഉണ്ടായ കൃഷിനാശത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.†

(ബി) ഇല്ല.

(സി) ഉണ്ട്. 2005-2006 വർഷത്തിൽ കാലവർഷംമൂലം ഉണ്ടായ കൃഷിനാശത്തിന് ധനസഹായം നൽകുന്നതിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽനിന്നും ജില്ലാ കളക്ടർമാർക്ക് അനുവദിച്ച തുകയുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.†

---

†അനുബന്ധം XI, XI (എ)

LIBRARY ARCHIVES Kerala Legislative Assembly